ഫാമിലി വിഷൻ



# ജപ്തിനോട്ടീസും കാത്ത് ഒരു പൂത്തപണക്കാരൻ

ആധാരം പണയം വെച്ചാണ് മകളെ കെട്ടിക്കാൻ ബാങ്കിൽനിന്നും അയാൾ ലോണെടുത്തത്. വീടും വീടിരിക്കുന്ന 30 സെന്റ് സ്ഥലവുമാണ് സ്വന്തമെന്നു പറയാൻ അയാൾക്കുള്ളത്. മാത്തുക്കുട്ടി എന്ന അയാൾ ഭാര്യ ലില്ലിക്കുട്ടിക്കും മൂന്ന് മക്കൾക്കുമൊപ്പമാണ് ആ കൂനാച്ചിപ്പുരയിൽ കഴിയുന്നത്.

മൂത്ത മകളെ തിരുവല്ലയിൽ സ്ഥിരതാമസമാക്കിയ കുന്നിക്കാട്ടിൽ സ്കറിയായുടെ മകൻ സാജനാണ് വിവാഹം ചെയ്തത്. ആ പെണ്ണിനെ കെട്ടിച്ച വകയിലാണ് രണ്ടു ലക്ഷത്തോളം വരുന്ന തുക അയാൾക്ക് ബാധ്യതയുള്ളത്. മാത്തുക്കുട്ടി ബ്രോക്കറാണ്. എന്തിന്റെ ബ്രോക്കറെന്നു ചോദിച്ചാൽ ഭൂമിക്കുമേലുള്ള എന്തിന്റെയും. കാര്യം നടക്കാൻവേണ്ടി പൊടിപ്പും തൊങ്ങലുംവെച്ച് ഇടപാടുകാരനോട് സംസാരിക്കുന്ന കാര്യത്തിൽ മാത്തുക്കുട്ടിക്ക് യാതൊരു മടിയുമില്ല എന്നതിനാലും ആ വഴിക്ക് പലരും കബളിപ്പിക്കപ്പെട്ടിട്ടുള്ളതിനാലും അത്തരക്കാരിൽനിന്ന് വേണ്ടുവോളം പ്രഹരം അയാൾക്ക് കിട്ടിയിട്ടുണ്ട് എന്നത് പച്ചപ്പരമാർഥമാണ്. സാധാരണ ബ്രോക്കർമാരൊക്കെ മദ്യപാനികളാണെന്നാണ് പൊതുജനാഭിപ്രായം. (ഞാനങ്ങനെ കരുതുന്നില്ല.) എന്തായാലും മാത്തുക്കുട്ടിയെ സന്ധ്യകഴിഞ്ഞ് കാണുന്നവരൊക്കെ മുമ്പു പറഞ്ഞ പൊതുജനാഭിപ്രായം ഇയാളെ സംബന്ധിച്ചും ശരിയാണെന്ന് സമ്മതിക്കും. മാത്തുക്കുട്ടി വരവ് നോക്കാതെ ചെലവ് ചെയ്യുന്ന മഹാനാണ്. പെണ്ണിനെ കെട്ടിച്ച വകയിൽ ബാങ്കുകാരോട് മാത്രമല്ല ഇയാൾക്ക് ബാധ്യതയുള്ളത്; മറ്റു പലരോടുമുണ്ട്. വിവാഹസദ്യക്ക് എത്തിയത് എഴുന്നൂറിൽപ്പരം ആളുകളാണ്. ഭക്ഷണം ക്രമീകരിച്ചിരുന്നതോ എണ്ണൂറ്റിഅമ്പതു പേർക്ക്. ഇതുപോലൊരു വിവാഹസദ്യ അടുത്തയിടയെങ്ങും ഉണ്ടായിട്ടില്ലെന്നാണ് സദ്യക്കെത്തിയ പലരും പറഞ്ഞ് അറിയാൻ കഴിഞ്ഞത്. മൂക്കുമുട്ടെ കഴിച്ചവരൊക്കെ പറഞ്ഞത് മാത്തുക്കുട്ടിയുടെ കൈവശം പൂത്ത പണമുണ്ടെന്നാണ്. ഇതു കേട്ടിട്ട് അയാളുടെ ഭാര്യ ലില്ലിക്കുട്ടി പ്രതികരിച്ചത്, താമസിയാതെ മക്കളുമായി തെരുവിലേക്കിറങ്ങേണ്ടിവരുമെന്നാണ്. ബാങ്കിൽനിന്ന് ഏതു നിമിഷവും എത്താവുന്ന ജപ്തി നോട്ടീസും പ്രതീക്ഷിച്ചാണ് ആ അമ്മയും മക്കളും ഓരോ ദിവസവും ഇന്നെണ്ണി നീക്കുന്നത്.

മാത്തുക്കുട്ടിയെപ്പോലെ വകതിരിവില്ലാത്ത ചില കുടുംബനാഥന്മാർമൂലം നമ്മുടെ നാട്ടിൽ കൂട്ട ആത്മഹത്യകളുടെയും കുടുംബ ആത്മഹത്യകളുടെയും എണ്ണം അടിക്കടി കൂടുന്നുണ്ടെന്നുള്ളത് സത്യമാണ്. ഇത്തരക്കാർ നായകത്വം വഹിക്കുന്ന കുടുംബങ്ങളിലെ മക്കളുടെ മാനസികാരോഗ്യം പ്രതീക്ഷയ്ക്കിടം നൽകുന്ന രീതിയിൽ വളരുമെന്ന് കരുതേണ്ട. ജന്മം നൽകിയ മാതാപിതാക്കളേയും തങ്ങളെത്തന്നെയും ശപിക്കുന്നവരായി ഇവർ കാലതാമസമെന്യേ മാറുമെന്നതാണ് മുന്നനുഭവങ്ങൾ നൽകുന്ന പാഠം. കുടുംബത്തോടും കുടുംബാംഗങ്ങളോടും ആത്മാർഥത കാട്ടുന്നവരായിത്തീരാൻ ആദ്യം കുടുംബനാഥന്മാർ തങ്ങളോടുതന്നെ ആത്മാർഥത കാട്ടട്ടെ. നാട്ടുകാരുടെ പ്രീതിയേക്കാൾ അവർ ആഗ്രഹിക്കേണ്ടത് ജീവിതപങ്കാളിയുടെയും സ്വന്തം ചോരയിൽ പിറന്ന മക്കളുടെയും സന്തോഷവും സുസ്ഥിതിയുമാകണം. ആ ഒരാഗ്രഹം തങ്ങളുടെ ജീവിതത്തിൽത്തന്നെ അച്ചടക്കം പാലിക്കുന്നതിലേക്ക് അവരെ നയിക്കുമെന്നുറപ്പാണ്.

**ഫാ. സിറിയക് കോട്ടയിൽ**
(ഡയറക്ടർ, ഫാമിലി അപ്പോസ്തൊലേറ്റ്, ചങ്ങനാശേരി)

# പൈതൃക നെൽവിത്തുകളുടെ രക്ഷകൻ



**പൈതൃക നെൽവിത്തു സംരക്ഷിക്കുകയാണ് രാമൻ. വരും തലമുറയ്ക്കുവേണ്ടിയാണ് തന്റെ കർമമെന്നു രാമൻ വിശ്വസിക്കുന്നു. 35 ലേറെ വിത്തിനങ്ങളാണ് രാമൻ സംരക്ഷിക്കുന്നത്. ഇവയെല്ലാം രുചിയിൽ മികച്ചത്. പലതും ഔഷധ ശക്തിയുള്ളവ.**



**റെജി ജോസഫ്**

അന്യം നിന്നുകൊണ്ടിരിക്കുന്ന പൈതൃക നെൽവിത്തുകളുടെ സംരക്ഷണമാണ് ചെറുവയൽ രാമൻ എന്ന അറുപത്തിനാലുകാരനായ ആദിവാസിയുടെ ജീവിതം. വിത്തുകൾ തേടി രാമൻ കേരളമൊട്ടാകെ പലവട്ടം സഞ്ചരിച്ചിട്ടുണ്ട്. ഒരു പിടി വിത്തുചോദിച്ചു പലസ്ഥലത്തും പലവട്ടം കെഞ്ചിയിട്ടുണ്ട്. രാമന്റെ സത്യസന്ധത കണ്ട് ചോദിച്ചു ചെന്ന വിത്തുകൂടാതെ കൈവശമുള്ള പൈതൃക വിത്തുപോലും പലരും ചെറുവയൽ രാമനു ദാനം ചെയ്തിട്ടുണ്ട്.

മാനന്തവാടിയിലെ കുറിച്യകുടുംബത്തിനു പൈതൃകമായി ലഭിച്ച സ്ഥലത്ത് ആരുടെയും സഹായമില്ലാതെ പൈതൃക നെൽവിത്തു ബാങ്കു സംരക്ഷിക്കുകയാണ് രാമൻ. വരും തലമുറയ്ക്കുവേണ്ടിയാണ് തന്റെ കർമമെന്നു രാമൻ വിശ്വസിക്കുന്നു.

ഗന്ധകശാല, മരത്തൊണ്ടി, തൊണ്ണൂറാംതൊണ്ടി, ചേറ്റുവെളിയൻ, മുണ്ടകൻ, വെള്ള ചെന്താടി, ചെമ്പകം, ചെന്നെല്ല്, ചെന്നാടി, ചെന്നൻതൊണ്ടി, ചോമാല, വെളുമ്പാല, പാൻതൊണ്ടി, അടുക്കൻ, കോതാണ്ടൻ, കയമ, ചെറിയ കുറവ, തവളക്കണ്ണൻ, ഞവര, പാൽവെളിയൻ... തുടങ്ങി 35 ലേറെ വിത്തിനങ്ങളാണ് രാമൻ സംരക്ഷിക്കുന്നത്. ഇവയെല്ലാം രുചിയിൽ മികച്ചത്. പലതും ഔഷധ ശക്തിയുള്ളവ. പൊന്നു കൊടുത്താൽപ്പോലും നാട്ടിൽ ലഭ്യമല്ലാത്തവയും.

## അന്യംനിന്ന വിത്തുകൾ

ഏതാനും ദശകങ്ങൾക്കു മുമ്പുവരെ വയനാട്ടിൽ 1200-ലേറെ തരം വിത്തുകൾ കൃഷിചെയ്തിരുന്നുവെന്നു രാമൻ പറയുന്നു. രാസവസ്തുക്കളും കീടനാശിനികളും കൂടുതൽ വിളവുതരുന്ന ആധുനിക വിത്തുകളും ഒത്തുചേർന്നപ്പോൾ പൈതൃക വിത്തുകൾ ക്രമേണ ഇല്ലാതായി. നല്ല പ്രതിരോധ ശേഷി ഉണ്ടായിരുന്ന, മികച്ച വിളവു തന്നിരുന്ന, രുചിയും ഔഷധശക്തിയും ഏറെയുണ്ടായിരുന്ന ഈ വിത്തിനങ്ങൾ ഇല്ലാതായതിന്റെ സങ്കടത്തിൽ നിന്നുമാണ് നെൽവിത്തു സംരക്ഷണത്തിലേക്കു രാമൻ മാറിയത്.

നഷ്ടപ്പെട്ട നെൽവിത്തുകൾ കണ്ടെത്തുക എന്നതായിരുന്നു ആദ്യത്തെ ശ്രമം. ഓണമട്ട, ചെന്നെല്ല്, ഗന്ധകശാല തുടങ്ങിയ വിത്തുകൾ മാത്രമാണ് തലമുറകളുടെ പൈതൃകമായി രാമനു ലഭിച്ചത്. ബാക്കിയുള്ളവ നടന്നും അലഞ്ഞും ഇദ്ദേഹം കണ്ടെത്തുകയായിരുന്നു. മൂന്നു മുതൽ ഏഴുവരെ മാസങ്ങൾ വിളവുള്ളവയാണ് രാമൻ സംരക്ഷിക്കുന്ന നെല്ലിനങ്ങൾ.

## പ്രതിഫലമില്ലാതെ നൽകുന്ന വിത്തുകൾ

രാമന്റെ വിത്തു ബാങ്ക് വരുമാനം ലക്ഷ്യമാക്കിയല്ല. പരമ്പരാഗത നെൽവിത്തുകൾ അന്യം നിൽക്കാതിരിക്കാൻ അതു പരമാവധി കർഷകരിലെത്തിക്കാൻ ഇദ്ദേഹം ആഗ്രഹിക്കുന്നു. വിവിധ ജില്ലകളിൽ നിന്ന് ഏറെ കർഷകർ അപൂർവയിനം നെൽവിത്തുകൾ മോഹിച്ചു രാമന്റെ വീട്ടിലെത്തും. നയാപൈസ പ്രതിഫലം വാങ്ങാതെ ഓരോ കിലോ നെൽവിത്ത് രാമൻ അവർക്കു സമ്മാനിക്കും. ഈ വിത്ത് കൃഷി ചെയ്ത് പിറ്റേ വർഷം ഒരു കിലോ നെല്ലു തിരികെ നൽകണമെന്ന ഏക നിബന്ധനയിലാണ് വിത്തുകൾ സമ്മാനിക്കുന്നത്.

## രാമന്റെ കൃഷിഭൂമി

തന്റെ അഞ്ചരയേക്കർ പാടത്തും രാമൻ രാസവളം ഉപയോഗിക്കില്ല. കീടനാശിനിയുമില്ല. ജൈവ കീടനിയന്ത്രണത്തിലൂടെയാണു കൃഷി നടത്തുന്നത്. ചാണകം, മണ്ണിര കമ്പോസ്റ്റ് മുതലായവയാണ് വളമായി ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ തവള, മണ്ണിര, നീർക്കോലി, ചെറു മത്സ്യങ്ങൾ തുടങ്ങിയ ജീവജാലങ്ങളും ഇദ്ദേഹത്തിന്റെ കൃഷിയിടത്തിൽ സുലഭമാണ്.

അഞ്ചാം ക്ലാസ് വിദ്യാഭ്യാസമുള്ള ഈ ഗവേഷകനെത്തേടി സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ അംഗീകാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങളുമെത്തി.

## പൈതൃക നെൽവിത്തു ബാങ്ക്

കാർഷിക രംഗത്തെ വെല്ലുവിളികൾ ഉൾക്കൊണ്ട് പാരമ്പര്യ തനിമ കൈവിടാതെയാണ് രാമൻ ഓരോ നെൽവിത്തിനങ്ങളും സംരക്ഷിച്ചിട്ടുള്ളത്. കൃഷി ലാഭത്തിനു വേണ്ടിയല്ല സംതൃപ്തിക്കും സ്വയംപര്യാപ്തതയ്ക്കും വേണ്ടിയാണെന്ന് രാമൻ പറഞ്ഞു. വിത്തു തയാറാക്കുന്നതും സൂക്ഷിക്കുന്നതും കൃഷി ചെയ്യുന്നതും പക്കം നോക്കിയുള്ള ആദിവാസി ആചാരങ്ങളുടെ അടിസ്ഥാനത്തിലാണ്.

മുള, നിലവറ, ഓലക്കൂട, കച്ചിക്കൂട, കുട്ട, വട്ടി എന്നിവയ്ക്കുള്ളിൽ അതിഭദ്രമായി സൂക്ഷിക്കുന്നു. വീട്ടിലെ ആവശ്യത്തിന് മൂന്നര ഏക്കർ പാടത്ത് തൊണ്ടി ഇനം നെല്ലാണ് കൃഷി. ശേഷിക്കുന്ന ഒന്നര ഏക്കറിൽ അഞ്ച്, പത്ത്, പതിനഞ്ച് സെന്റുകളായി പാടങ്ങൾ തിരിച്ചാണ് അപൂർവം നെല്ലുകൾ കൃഷി ചെയ്യുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ നെൽ വിത്ത് ബാങ്കാണ് ഈ ഒന്നര ഏക്കർ പാടം.

## പാഠശാലയാകുന്ന കൃഷിഭൂമി

കാർഷിക സർവകലാശാലകളിൽ നിന്നുൾപ്പെടെ നൂറുകണക്കിനു വിദ്യാർഥികൾ രാമേട്ടനെത്തേടി ദിവസവും പാടത്ത് എത്തിക്കൊണ്ടിരിക്കുന്നു. അത്യപൂർവമായ ഓരോ വിത്തിനങ്ങളുടെയും ഘടന, കൃഷിരീതി, ഗുണമേൻമ എന്നിവയെല്ലാം രാമേട്ടൻ അനുഭവപാഠങ്ങൾ നിരത്തി വിശദീകരിക്കും. പ്രകൃതിയെ പരിപാലിക്കാൻ ആഗ്രഹിക്കുന്ന ഒട്ടേറെ സ്കൂൾ വിദ്യാർഥികളും രാമന്റെ കൃഷിയിടം കണ്ട് നേരിട്ടു പഠിക്കാനെത്തുന്നു.

പാടത്തു നിന്നു പലരും ഇദ്ദേഹത്തെ കാർഷിക സദസുകളിൽ അനുഭവങ്ങൾ പങ്കുവയ്ക്കാൻ കൊണ്ടുപോകാറുണ്ട്. കൃഷിയിൽ നിന്ന് സമ്പത്തുണ്ടായില്ലെങ്കിലും രാമൻ സംതൃപ്തനാണ്. സ്വന്തം അധ്വാനത്തിൽ വിളയുന്ന അരി മൂന്നു നേരം കഞ്ഞിവെച്ചു കുടിക്കാം. തൊടിയിലെ വാഴപ്പഴം വിഷം ചേരാതെ തിന്നാം. കീടനാശിനി ചേരാത്ത ചീരയും പയറും പാവലും കറിവയ്ക്കാൻ വേണ്ടുവോളമുണ്ട്. തൊഴുത്തിനു ചുറ്റും നട്ടുവളർത്തുന്ന ചേമ്പും ചേനയും പുഴുങ്ങി വീട്ടിലെത്തുന്ന അതിഥികൾക്ക് നൽകാം.

## പ്രകൃതി ജീവിതം

പ്രകൃതി സ്നേഹിയായ ഈ കർഷകന്റെ വീടും തൊടിയും പ്രകൃതിയോട് ഇണങ്ങിയതാണ്. വൈക്കോൽ മേഞ്ഞതാണു വീട്. ചാണകം മെഴുകിയതാണ് തറ. ആദിവാസികളുടെ ഈ പാരമ്പര്യത്തിനു മാറ്റം വരുത്താൻ രാമനു മനസില്ല. വീട്ടുമുറ്റം നിറയെ വൻമരങ്ങൾ. ഒരു മരം പോലും വെട്ടിവീഴ്ത്താൻ രാമൻ തയാറല്ല. പാടങ്ങളോടു ചേർന്നു പച്ചില വളത്തിനായി ഏറെ ചെറിയമരങ്ങൾ നട്ടുവളർത്തുന്നു. നെല്ലിനായി ജീവിതം ഉഴിഞ്ഞുവച്ച രാമനെ കൃഷിയിൽ സഹായിക്കാൻ ഭാര്യ ഗീതയും മക്കളായ രമണി, രമേശൻ, രാജേഷ്, രജിത എന്നിവരുമുണ്ട്.

രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാതെയുള്ള ജൈവകൃഷി മണ്ണിന്റെയും മനുഷ്യന്റെയും പ്രതിരോധശേഷി വർധിപ്പിക്കുമെന്നാണ് രാമന്റെ അനുഭവം. കുറിച്യരുടെ ആഘോഷങ്ങൾ പോലും പേരുകൾ. ചാലിടീൽ, വിത്തിറക്കൽ, ഞാറുപറിക്കൽ, വിള നാട്ടി, പണിക്കൂട്ടൻ, കതിരു പൂജ, കതിരു കേറ്റൻ, പുത്തിരികേറ്റൻ, കൊയ്ത് പിടിക്കൽ, കൊയ്ത് തീർക്കൽ മുതലായ കാർഷിക ചടങ്ങുകളാണ്.

നെൽക്കതിർ നിറയ്ക്കലും നിറപുത്തരിയും കേരളത്തിലെ ആചാരങ്ങളായിരുന്നു. രാമന്റെ കുട്ടിക്കാലത്ത് കൃഷി ചെയ്തിരുന്നത് ചെമ്പാവ് ഓണോട്ടർ, ചാര, ജീരക ചെമ്പാവ് മുതലായ നെല്ലിനങ്ങളായിരുന്നു. അന്ന് നെല്ലിനു ബാധിച്ചിരുന്ന ഒരേയൊരു രോഗം ചാഴിവീഴ്ചയായിരുന്നു. ചാരം പാറ്റുകയായിരുന്നു അതിന് ചികിത്സ. ചാണകം ഉണക്കിപ്പൊടിച്ചതും ചാരവുമായിരുന്നു അക്കാലത്തു വളം. അന്ന് ചെമ്പാവരി ഭക്ഷിക്കുന്നത് തറവാട്ടുകാരുടെ ലക്ഷണമായിരുന്നു.

രാമന്റെ വിശാലമായ പാടത്തുകൂടി നടക്കുക വലിയൊരു കാർഷിക അനുഭവമാണ്. ഇലയിലും കുലയിലും ഉയരത്തിലും വ്യത്യസ്തമാണ് ഓരോ നെല്ലിനങ്ങളും. വിളവെത്തിയ നെല്ല് കറ്റ മുറിച്ച് മെതിച്ചെടുത്തശേഷം വൈക്കോൽ തുറുകളിൽ കച്ചി സൂക്ഷിക്കും. തൊഴുത്തിലെ രണ്ടു പശുക്കൾ പാടത്തേക്ക് വേണ്ട വളം തരും. വേണ്ടുവോളം പാലും. കൃഷിയോളം സംതൃപ്തമായൊരു തൊഴിൽ വേറെയില്ലെന്നാണ് ചെറുവയലിലെ ഈ ആദിവാസി കാർഷിക പ്രതിഭയുടെ പങ്കുവയ്ക്കൽ.

പത്താം വയസിൽ തുടങ്ങിയ കൃഷിപ്പണി ഇന്നും ആവേശത്തോടെയാണ് രാമൻ നിർവഹിക്കുന്നത്. രാവിലെ ആറിന് പാടത്തിറങ്ങിയാൽ വൈകുന്നേരം ആറുവരെ നീളുന്നതാണ് രാമന്റെ അധ്വാനം.

രാമന്റെ ഹരിതാഭ പുരയിടം കാർഷിക കേരളത്തിനൊരു മാതൃകയാണ്.

# ക്രിസ്മസ് പൂക്കൾ



**റവ. ജോർജ് മാത്യു പുതുപ്പള്ളി**

വിശുദ്ധ ബൈബിളിലെ പഴയ നിയമം പുഷ്പങ്ങളുടെ പരാമർശം കൊണ്ട് സമ്പന്നമാണ്. ദൈവം ആദാമിനെയും ഹവ്വയെയും പാർപ്പിച്ചിരുന്ന ഏദൻതോട്ടത്തിൽ ലോകത്തിലെ എല്ലാത്തരം ചെടികളും വൃക്ഷങ്ങളും പൂക്കളുമുണ്ടായിരുന്നു. ഒലിവ് പൂക്കളെക്കുറിച്ചും വയലിലെ താമരപ്പൂക്കളെക്കുറിച്ചും ലില്ലി പുഷ്പങ്ങളെക്കുറിച്ചും ലബനനിലെ ദേവദാരുവിനെക്കുറിച്ചും ബൈബിളിൽ നിരവധി തവണ രേഖപ്പെടുത്തിയിരിക്കുന്നു.

യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ ഇങ്ങനെ പറയുന്നു: വയലിലെ താമര എങ്ങനെ വളരുന്നുവെന്ന് നിരൂപിക്കുവിൻ, അവ അധ്വാനിക്കുന്നില്ല, നൂൽക്കുന്നില്ല. എന്നാൽ ശലോമോൻ പോലും തന്റെ സർവമഹത്വത്തിലും ഇവയിൽ ഒന്നിനോട് ചമഞ്ഞിരുന്നില്ല എന്ന് ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിലിടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നുവെങ്കിൽ അൽപ വിശ്വാസികളേ, നിങ്ങളെ എത്രയധികം?(മത്തായി 6:29, 30). പാതിരാത്രിയിലെ തിരുക്കുടുംബം (Holy



Family in the Midnight) എന്നൊരു പുഷ്പത്തെ ക്രിസ്മസുമായി ബന്ധപ്പെടുത്തി ഒരു പരാമർശമുണ്ട്. പാതിരാത്രിയിൽ മാത്രം അപൂർവമായി വിടരുന്ന ഈ പൂവിനുള്ളിൽ യോസേഫിന്റെയും മറിയയുടെയും ഉണ്ണിയേശുവിന്റെയും രൂപസാദൃശ്യമുള്ള ചിത്രങ്ങൾ ഉണ്ടെന്ന വിശ്വാസമാണ് ഈ പുഷ്പത്തിന് പാതിരാത്രിയിലെ തിരുക്കുടുംബം എന്ന പേരു വരാനുള്ള പ്രധാന കാരണം. ക്രിസ്മസുമായി ബന്ധപ്പെട്ട പൂക്കൾക്കും ചെടികൾക്കും പ്രിയമേറുകയാണ്. ഈ സീസണിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന പുഷ്പം പൊയിൻസെറ്റിയയാണ്. കാരണം അമേരിക്കക്കാരുടെ ഏറ്റവും പ്രിയപ്പെട്ട ക്രിസ്മസ് പുഷ്പം അതാണല്ലോ. വിശുദ്ധ രാത്രിയിലെ പുഷ്പം( Flower in the Holy Night) എന്ന പേരിൽ അറിയപ്പെടുന്ന പൊയിൻസെറ്റിയയുടെ ജന്മദേശം മെക്സിക്കോ ആണെങ്കിലും കൂടുതൽ ഇടപഴകുന്നത് അമേരിക്കൻ ജനതയോടൊപ്പമാണെന്നു മാത്രം.

പൂക്കളുടെ രാജ്യം എന്നറിയപ്പെടുന്ന തായ്ലൻഡിലെ ക്രൈസ്തവർ വില കൂടിയ ഓർക്കിഡ് പൂക്കളാണ് ക്രിസ്മസ് ആഘോഷങ്ങളിൽ ഉപയോഗിച്ചുവരുന്നത്. ബൽജിയം, കെനിയ, കൊളംബിയ, മെക്സിക്കോ, പെറു, ഇക്വഡോർ തുടങ്ങിയവയാണ് അമേരിക്കയും ഹോളണ്ടും കഴിഞ്ഞാൽ പൂക്കൾകൊണ്ട് ക്രിസ്മസ് ആഘോഷിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത്. വിയന്ന, ഗ്രേഷ്യോ എന്നീ രാജ്യങ്ങളും സമൃദ്ധമായ പുഷ്പശേഖരം കൊണ്ട് ക്രിസ്മസ് മോടിയാക്കാൻ ശ്രമിക്കുന്നു. സ്വീഡൻ, ഡെന്മാർക്ക്, നോർവേ, ഇറ്റലി, ഫിൻലൻഡ്, ബൾഗേറിയ, സ്കാൻഡിനേവിയ



തുടങ്ങിയ രാജ്യങ്ങളും ഇക്കാര്യത്തിൽ തെല്ലും പിന്നിലല്ല. ചില യൂറോപ്യൻ രാജ്യങ്ങൾ ക്രിസ്മസ് ട്രീയായി അംഗീകരിച്ചിരിക്കുന്ന റോസ്മേരി എന്ന മുൾച്ചെടിയുടെ ഭംഗിയുള്ള പൂക്കൾ അലങ്കരിച്ച് ക്രിസ്മസ്മരം മോടി പിടിപ്പിക്കുന്നു. അമേരിക്കയിലെയും ജർമനിയിലെയും ക്രൈസ്തവർ എവർഗ്രീൻ ചെടിയിൽ പുഷ്പങ്ങൾ അലങ്കരിച്ച് ക്രിസ്മസ് വളയം ഉണ്ടാക്കാറുണ്ട്. ഫ്രഞ്ച് ജനതയും പൂക്കൾ ഉപയോഗിക്കുന്ന കാര്യത്തിൽ മുൻപന്തിയിലാണ്. പൂക്കളെയും ചെടികളെയും ഏറെ സ്നേഹിക്കുന്നവരാണ് അമേരിക്കക്കാർ. ഇറ്റലിയും ജർമനിയും നോർവെയും ജപ്പാനും ഇറക്കുമതി ചെയ്യുന്നതിന്റെ ഇരട്ടി പൂക്കൾ അമേരിക്ക വാങ്ങുന്നു. മക്കളെയെന്നപോലെ അവർ പൂക്കളെ സ്നേഹിക്കുന്നു, ചെടികളെ വളർത്തുന്നു. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജന്മദിനത്തിൽ പൂക്കളും മാലകളും ബൊക്കെകളും നൽകി ആനന്ദം പങ്കുവയ്ക്കുന്നു.

ലോകത്തിൽ ഏറ്റവുമധികം പൂക്കൾ കയറ്റിയയ്ക്കുന്ന ഹോളണ്ടും ക്രിസ്മസ് ആഘോഷങ്ങൾക്ക് ഏറ്റവുമധികം പൂക്കൾ ഉപയോഗിക്കാറുണ്ട്. ക്രിസ്മസ് ആവശ്യങ്ങൾക്കായി മാത്രം അവിടത്തെ



വീട്ടമ്മമാർ ചെടികൾ നട്ടു വളർത്താറുണ്ട്. പൂക്കളെ സ്നേഹിക്കുക, ദയവായി പൂക്കൾ പറിക്കരുത് എന്നീ ബോർഡുകൾ മിക്ക തോട്ടങ്ങളിലും കാണാം. ഭരണകൂടവും പുഷ്പകൃഷിക്ക് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. വ്യക്തി ജീവിതത്തിൽ പൂക്കൾ വഹിക്കുന്ന പങ്കിനെക്കാൾ എത്രയോ ഉപരിയാണ് രാജ്യത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിൽ അവ വഹിക്കുന്ന പങ്ക് എന്ന കാര്യം മറ്റാരെക്കാളും നന്നായി അവർക്കറിയാം.